# ഈ പുതിയ വർഷത്തിൽ സഫലത ഭവയുടെ വരദാനത്തിലൂടെ ബാബയുടെയും സ്വയത്തിന്റെയും പ്രത്യക്ഷതയെ സമീപം കൊണ്ടുവരു

ഇന്ന് നവയുഗത്തിന്റെ രചയിതാവായ തന്റെ മാസ്റ്റർ നവയുഗ രചയിതാവായ കുട്ടികളുമായി നവ വർഷം ആഘോഷിക്കുവാൻ വന്നിരിക്കുകയാണ്. നവവർഷം ആഘോഷിക്കുക ഇത് വിശ്വത്തിൽ എല്ലാവരും ആചരിക്കുന്നു. എന്നാൽ താങ്കൾ എല്ലാവരും നവയുഗം ഉണ്ടാക്കുന്നവരാണ് സന്തോഷം ഓരോ കുട്ടികളുടെയും ഉള്ളിലുണ്ട്, അറിയാം നവയുഗം ഇപ്പോൾ വന്നതുതന്നെയാണ്. ലോകത്തുള്ളവരുടെയും നവ വർഷം ഒരു ദിവസം ആചരിക്കുന്നതിന്റെ ആണ്, താങ്കൾ എല്ലാവരുടെയും നവയുഗം പൂർണമായും സംഗമയുഗം ആചരിക്കുന്നതിന്റെയാണ്. നവവർഷത്തിൽ സന്തോഷം ആഘോഷിക്കുന്നു, പരസ്പരം സമ്മാനം നൽകുന്നു. ആ സമ്മാനവും എന്താണ്! അൽപ്പനേരത്തേക്കുള്ള സമ്മാനമാണ്. നവയുഗ രചയിതാവായ ബാബ താങ്കളെല്ലാ കുട്ടികൾക്കും വേണ്ടി ഏതൊരു സമ്മാനം കൊണ്ടുവന്നിരിക്കുന്നു? സ്വർണിമ സമ്മാനം. സുവർണ്ണ സമ്മാനം അതായത് സുവർണ്ണയുഗത്തിൽ എല്ലാം സ്വതവേ തന്നെ സ്വർണം ആയിരിക്കുന്നു പുതിയതായിരിക്കുന്നു. കുറച്ചുസമയത്തിനുശേഷം പുതിയ വർഷം ആരംഭിക്കും എന്നാൽ എല്ലാം പുതിയതായി മാറുകയില്ല. താങ്കളുടെ നവയുഗത്തിൽ പ്രകൃതിയും പുതിയതായി മാറും. ആത്മാവും പുതിയ വസ്ത്രം (ശരീരം) ധാരണ ചെയ്യും. ഓരോ വസ്തുവും പുതിയത് അതായത് പ്രധാന സ്വർണിമ യുഗി ആയിരിക്കും. അപ്പോൾ പുതിയ വർഷത്തെ ആഘോഷിച്ചുകൊണ്ട് താങ്കളുടെ മനസ്സിൽ ബുദ്ധിയിൽ പുതിയ യുഗം തന്നെ ഓർമ്മ വരികയാണ്, നവയുഗം ഓർമ്മയില്ലേ അതോ ഇന്നത്തെ ദിവസം പുതിയ വർഷമാണോ ഓർമ്മ?

ബാപ്ദാദ ആദ്യം ആശംസകൾ നൽകുന്നു നവയുഗത്തിന് പിന്നീട് ഒപ്പം ആശംസകൾ നൽകുന്നു പുതിയ വർഷത്തിന് എന്തെന്നാൽ താങ്കൾ നവവർഷം ആചരിക്കുന്നതിന് വന്നിരിക്കുകയല്ലേ! ആഘോഷിക്കു നിറയെ ആഘോഷിക്കു. ബാപ്ദാദയിലൂടെ ലഭിച്ചിട്ടുള്ള അവിനാശി സമ്മാനം അതിന്റെ അവിനാശി ആശംസകൾ ആഘോഷിക്കു. സദാ പരസ്പരം ശുഭഭാവനയുടെ ആശംസകൾ നൽകു. ഇതാണ് സത്യമായ ആശംസകൾ. ആശംസ നൽകുമ്പോൾ സ്വയവും സന്തോഷിക്കുന്നു മറ്റുള്ളവരും സന്തോഷിക്കുന്നു. അപ്പോൾ സത്യമായ ഹൃദയത്തിന് ആശംസകൾ. പരസ്പരം ഹൃദയത്തിൽ നിന്നും ശുഭഭാവന ശുഭകാമനയുടെ ആശംസകൾ. ശുഭ ഭാവന ഇങ്ങനെയുള്ള ശ്രേഷ്ഠ ആശംസകൾ എങ്ങനെയുള്ള ഭാവന ആയാലും നല്ല ഭാവനയോ നല്ല ഭാവമോ അല്ലെങ്കിലും പക്ഷേ താങ്കളുടെ ശുഭഭാവനയ്ക്ക് അവരുടെ ഭാവത്തെ മാറ്റാൻ സാധിക്കും. സ്വഭാവവും മാറ്റാൻ സാധിക്കും. അങ്ങനെ സ്വഭാവം എന്ന വാക്കിന്റെ അർത്ഥം ആണ് സ്വ (ആത്മാവി)ന്റെ ഭാവം അതായത് ശുഭഭാവം. ഓരോ സമയവും ഓരോ ആത്മാവിനും ഇതേ അവിനാശി ആശംസകൾ നൽകിക്കൊണ്ട് പോകു. ആരെങ്കിലും താങ്കൾക്ക് എന്ത് തന്നെ നൽകിയാലും പക്ഷേ താങ്കൾ എല്ലാവർക്കും ശുഭഭാവന നൽകൂ. അവിനാശി ആത്മാവിന്റെ അവിനാശിആത്മീയ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ ആത്മാവ് പരിവർത്തപ്പെടുക തന്നെ ചെയ്യും. അപ്പോൾ ഈ പുതിയ വർഷത്തിൽ എന്ത് വിശേഷത ചെയ്യും? സ്വയത്തിലും സർവ്വരിലും സേവനത്തിലും. പുതിയ വർഷം എന്ന് പേരുള്ളപ്പോൾ എന്തെങ്കിലും നവീനത ചെയ്യണമല്ലോ! അപ്പോൾ എന്ത് നവീനത ചെയ്യും? ഓരോരുത്തരും തന്റെ നവീനതയുടെ പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ അതോ ഇപ്പോൾ കേവലം പുതിയ വർഷം ആചരിക്കുമോ? മിലനം ആചരിച്ചു, പുതിയ വർഷം ആചരിച്ചു, നവീനതയുടെ എന്ത് പദ്ധതി ഉണ്ടാക്കി?

ബാപ്ദാദ ഓരോരോ കുട്ടികൾക്ക് ഈ വർഷത്തേക്ക് വിശേഷിച്ച് ഇതാണ് സൂചന നൽകുന്നത് സമയാനുസരണം ഇപ്പോൾ എല്ലാ കുട്ടികൾക്കും ഇവിടെ സാകാരത്തിൽ സൻമുഖത്ത് ഇരിക്കുകയാകട്ടെ, ദേശ വിദേശത്ത് ശാസ്ത്ര സാധനങ്ങളിലൂടെ കേട്ടുകൊണ്ടിരിക്കുകയാകട്ടെ കണ്ടുകൊണ്ടിരിക്കുകയാകട്ടെ ബാപ്ദാദയും എല്ലാവരെയും കാണുകയാണ്. എല്ലാവരും വളരെ വിശ്രമത്തോടെ രസത്തോടെ കാണുകയാണ്. അപ്പോൾ സർവ്വ വിശ്വത്തിലെ ബാപ്ദാദയുടെ അതി സ്നേഹി, അതി മധുരമായ കുട്ടികൾക്കും ഈ സൂചന നൽകുകയാണ് ഇപ്പോൾ തന്നെ ഈ ബ്രാഹ്മണ ജീവിതത്തിൽ അമൃതവേള മുതൽ രാത്രി വരെ മിച്ചത്തിന്റെ ശേഖരണം വർദ്ധിപ്പിക്കു, സമ്പാദ്യത്തിന്റെ ശേഖരണം വർദ്ധിപ്പിക്കു. ഓരോരുത്തരും തന്റെ കാര്യത്തിനനുസരിച്ച് തന്റെ പദ്ധതി ഉണ്ടാക്കുക, ബ്രാഹ്മണ ജീവിതത്തിൽ എന്തുതന്നെ ഖജനാക്കൾ ലഭിച്ചിട്ടുണ്ടോ ആ ഓരോ ഖജനാക്കളുടെയും മിച്ചത്തിന്റെ ശേഖരണം വർദ്ധിപ്പിക്കു. എന്തെന്നാൽ ബാപ്ദാദ ഇന്ന് വർഷാവസാനം വരെ നാനാ ഭാഗത്തേയും കുട്ടികളുടെ റിസൾട്ട് കണ്ടു. എന്ത് കണ്ടു അറിഞ്ഞു കഴിഞ്ഞു. ടീച്ചേഴ്സും അറിഞ്ഞു കഴിഞ്ഞു, ഡബിൾ വിദേശികളും അറിഞ്ഞു കഴിഞ്ഞു. മഹാരഥി

യും അറിഞ്ഞു കഴിഞ്ഞു. ശേഖരണത്തിന്റെ കണക്ക് എത്രത്തോളം ഉണ്ടാകണമോ അത്രയും... എന്തു പറയണം? താങ്കൾ സ്വയം പറയൂ എന്തെന്നാൽ ബാപ്ദാദയ്ക്കറിയാം സർവ്വ ഖജനാക്കൾ ശേഖരിക്കാനുള്ള സമയം കേവലം ഇനി സംഗമമാണ്. ഈ കൊച്ച് യുഗത്തിൽ എത്രത്തോളം ശേഖരിച്ചുവോ അതനുസരിച്ച് മുഴുവൻ കൽപം പ്രാപ്തമാക്കി കൊണ്ടിരിക്കും. താങ്കൾ എല്ലാവരുടെയും സ്ലോഗൻ അല്ലേ ഏതാണ് സ്ലോഗൻ?ഇപ്പോൾ ഇല്ലെങ്കിൽ... പിന്നീട് എന്താണ്? ഇപ്പോൾ ഇല്ലെങ്കിൽ ഒരിക്കലുമില്ല. ഈ സ്ലോഗൻ ബുദ്ധിയിൽ വളരെ ഓർമ്മയുണ്ട്. എന്നാൽ ഹൃദയത്തിൽ ഓർമ്മയിൽ മറക്കുന്നുമുണ്ട് ഓർമ്മിക്കുന്നുമുണ്ട്. ഏറ്റവും വലുതിലും വലിയ ഖജനാവ് ഈ ബ്രാഹ്മണ ജീവിതത്തിന്റെ ശ്രേഷ്ഠതയുടെ ആധാരമാണ് സങ്കല്പത്തിന്റെ ഖജനാവ്, സമയത്തിന്റെ ഖജനാവ്, ശക്തികളുടെ ഖജനാവ്, ജ്ഞാനത്തിന്റെ ഖജനാവ്, ബാക്കി സ്ഥൂലധനത്തിന്റെ ഖജനാവ് ആണെങ്കിൽ സാധാരണമാണ്. അപ്പോൾ ബാപ്ദാദ കണ്ടു എത്രത്തോളം താങ്കൾ ഓരോരോ ബ്രാഹ്മണാത്മാവിനും ശ്രേഷ്ഠ സങ്കല്പത്തിന്റെ ഖജനാക്കളിലൂടെ സ്വയത്തെയും സേവനത്തെയും ശ്രേഷ്ഠമാക്കാൻ സാധിക്കുമോ അതിലും ഇപ്പോൾ ഇനിയും അടിവരയിടേണ്ടി വരും.

താങ്കൾ ബ്രാഹ്മണരുടെ ഒരു ശ്രേഷ്ഠ സങ്കൽപത്തിൽ ശുഭ സങ്കൽപത്തിൽ ഇത്രയും ശക്തിയുണ്ട് ആത്മാക്കൾക്ക് ധാരാളം സഹയോഗം നൽകാൻ സാധിക്കുന്നു. സങ്കല്പശക്തിയുടെ മഹത്വം ഇപ്പോൾ ഇനിയും എത്രത്തോളം വേണമോ അത്രയും വർദ്ധിപ്പിക്കാൻ കഴിയും. സയൻസിന്റെ സാധനമായ റോക്കറ്റിന് ദൂരെയിരുന്ന് എവിടെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഏത് സ്ഥാനത്ത് എത്തിച്ചേരണമോ ഒരു സെക്കൻഡിൽ എത്താൻ സാധിക്കും. അപ്പോൾ താങ്കളുടെ ശുഭ ശ്രേഷ്ഠ സങ്കൽപ്പത്തിന്റെ മുന്നിൽ ഈ റോക്കറ്റ് എന്താണ്! റിഫൈൻ വിധിയിലൂടെ കാര്യത്തിലുപയോഗിച്ച് നോക്കൂ. താങ്കളുടെ വിധിയുടെ സിദ്ധി വളരെ ശ്രേഷ്ഠമാണ്. എന്നാൽ ഇപ്പോൾ അന്തർമുഖതയുടെ ഭട്ഠിയിൽ ഇരിക്കൂ. അപ്പോൾ ഈ പുതുവർഷത്തിൽ സ്വയം സർവ ഖജനാക്കളുടെയും മിച്ചത്തിന്റെ സ്കീം ഉണ്ടാക്കൂ. സമ്പാദ്യത്തിന്റെ ശേഖരണം വർധിപ്പിക്കൂ. മുഴുവൻ ദിവസത്തിൽ സ്വയം തന്നെ അവനവനെ പ്രതി അന്തർമുഖതയുടെ ഭട്ടിക്കു വേണ്ടി സമയം നിശ്ചയിക്കൂ. സ്വയം ചെയ്യാൻ സാധിക്കും, മറ്റുള്ളവർക്ക് ചെയ്യാൻ കഴിയില്ല. ബാപ്ദാദ പ്രത്യക്ഷതാ വർഷത്തിന് മുമ്പ് ഈ വർഷത്തെ സഫലതാ ഭവയുടെ വർഷം എന്ന് പറയുന്നു. സഫലതയുടെ ആധാരമാണ് ഓരോ ഖജനാവിനെയും സഫലമാക്കുക. സഫലമാക്കൂ സഫലത പ്രാപ്തമാക്കൂ. സഫലത പ്രത്യക്ഷതയെ സ്വതവേ തന്നെ പ്രത്യക്ഷമാക്കും. വാചാ സേവനം വളരെ നന്നായി ചെയ്തു എന്നാൽ ഇനി സഫലതയുടെ വരദാനത്തിലൂടെ ബാബയുടെ, സ്വയത്തിന്റെ പ്രത്യക്ഷതയെ സമീപം കൊണ്ടുവരൂ. ഓരോ ബ്രാഹ്മണരുടെ ജീവിതത്തിൽ സർവ ഖജനാക്കളുടെയും സമ്പന്നതയെ ആത്മാക്കൾക്ക് അനുഭവമാകണം. ഇന്നത്തെ കാലത്ത് ആത്മാക്കൾ താങ്കളുടെ അനുഭവി മൂർത്തിയിലൂടെ അനുഭൂതി ചെയ്യാൻ ആഗ്രഹിക്കുന്നു. കേൾക്കാൻ ആഗ്രഹം കുറവാണ്, അനുഭൂതി കൂടുതൽ ആഗ്രഹിക്കുന്നു. അനുഭൂതിയുടെ ആധാരമാണ് ഖജനാക്കളുടെ സമ്പാദ്യത്തിന്റെ ശേഖരണം. ഇപ്പോൾ മുഴുവൻ ദിവസത്തിൽ ഇടയ്ക്കിടെ തന്റെ ഈ ചാർട്ട് പരിശോധിക്കൂ. സർവ ഖജനാക്കളും എത്ര ശേഖരിച്ചു? സമ്പാദ്യത്തിന്റെ ശേഖരണം പുറത്തെടുക്കൂ, കണക്ക് പുറത്തെടുക്കൂ. ഒരു മിനിറ്റിൽ എത്ര സങ്കൽപം നടക്കുന്നു? സങ്കൽപത്തിന് തീവ്രവേഗമല്ലേ. എത്ര സഫലമാക്കി, എത്ര വ്യർഥമായി? എത്ര സമർഥമായിരുന്നു, എത്ര സാധാരണമായിരുന്നു? പരിശോധിക്കാനുള്ള യന്ത്രം താങ്കളുടെ കയ്യിലുണ്ടോ അതോ ഇല്ലയോ? എല്ലാവരുടെയും കയ്യിൽ പരിശോധിക്കുന്ന യന്ത്രമുണ്ടോ? ടീച്ചേഴ്സിന്റെ കയ്യിലുണ്ടോ? താങ്കളുടെ സെന്ററുകളിൽ കമ്പ്യൂട്ടർ, ഇമെയ്ൽ ഉള്ളതു പോലെ ഈ പരിശോധനാ യന്ത്രമുണ്ടോ? ഡബിൾ വിദേശികളുടെ കയ്യിലുണ്ടോ? പ്രവർത്തിക്കുന്നുണ്ടോ അതോ നിന്നു പോയോ? പാണ്ഡവരുടെ അടുക്കൽ പരിശോധനാ യന്ത്രം ഉണ്ടോ?എല്ലാവരുടെയും കയ്യിലുണ്ട് ചിലരുടെ കയ്യിൽ ഇല്ല എങ്കിൽ അപ്ലിക്കേഷൻ ഇടു. എവിടെയെങ്കിലും ഓഫീസ് തുറക്കുകയാണെങ്കിൽ ആദ്യം തന്നെ ആലോചിക്കുന്നു ഓഫീസ് ഉണ്ടാക്കുന്നതിനു മുൻപേ ഇന്നത്തെ കാലത്ത് കമ്പ്യൂട്ടർ വേണം ഇമെയിൽ വേണം ടൈപ്പിംഗ് മെഷീൻ വേണം കോപ്പിയെടുക്കുന്ന മെഷീൻ വേണം.വേണ്ടേ? അപ്പോൾ ബ്രാഹ്മണ ജീവിതത്തിൽ താങ്കളുടെ ഹൃദയത്തിന്റെ ഓഫീസിൽ എല്ലാ മെഷീനും ഉണ്ടോ അതോ ഇല്ലയോ?

ബാപ്ദാദ ആദ്യമേ തന്നെ പറഞ്ഞു ബാപ്ദാദയുടെ അടുക്കൽ പ്രകൃതിയും വരുന്നു ഞാൻ എവർ റെഡിയാണ് എന്ന് പറയാൻ വേണ്ടി, സമയവും ബ്രാഹ്മണരെ വീണ്ടും വീണ്ടും നോക്കിക്കൊണ്ടിരിക്കുന്നു ബ്രാഹ്മണർ തയ്യാറാണോ? വീണ്ടും വീണ്ടും ബ്രാഹ്മണരെ ചുറ്റി കറങ്ങുന്നു. അപ്പോൾ ബാപ്ദാദ ചോദിക്കുന്നു നന്നായി ഉയർത്തുന്നുണ്ട് ബാപ്ദാദയും സന്തോഷിക്കുന്നു. ഇനി ഇങ്ങനെ എവർറെഡിയാകു ഓരോ സങ്കല്പം, ഒരു സെക്കൻഡ്, ഓരോ ശ്വാസം എന്തു കടന്നുപോകുന്നുവോ ആഹാ ആഹ ആകണം. ഇപ്പോൾ ഏതെങ്കിലും സമയത്ത് ആഹാ ആഹാ ഉണ്ടാകുന്നു ചില സമയത്ത് വാഹ് എന്നതിനു പകരം വൈ (എന്തുകൊണ്ട്) ആകുന്നു. ചില സമയത്ത് ബിന്ദുവിടുന്നു, ചില സമയത്ത് ചോദിചിഹ്നവും ആശ്ച

ഭൃചിഹ്നവും ഇടുന്നു. താങ്കൾ എല്ലാവരുടെയും മനസ്സ് പറയണം ആഹാ. ആരുടെയെല്ലാം സംബന്ധസമ്പർക്കത്തിൽ വരുന്നുവോ, ബ്രാഹ്മണരുടെയാകട്ടെ, സേവനം ചെയ്യുന്നവരുടെ ആകട്ടെ ആഹാ! ആഹാ! ശബ്ദം പുറപ്പെടണം. ശരി

ഇന്ന് മുതുമുതു മുത്തച്ഛൻ ബ്രഹ്മാബാബയ്ക്ക് ഒരു ശുഭ ആശയുണ്ടായി, ബ്രഹ്മാബാബ പറഞ്ഞു എന്റെ ഗ്രേറ്റ് ഗ്രേറ്റ് പേരക്കുട്ടികളോട് വിശേഷിച്ച് ഈ കാര്യം പറയണം, അതെന്താണ്? സദാ ഓരോ കുട്ടിയുടെ മുഖത്ത് ഒന്ന് ആത്മീയതയുടെ പുഞ്ചിരിയുണ്ടാകണം, കേട്ടോ! നന്നായി ചെവി തുറന്നു കേൾക്കുക. മറ്റൊന്ന് മുഖത്ത് സദാ മധുരതയുണ്ടാകണം. ഒരു വാക്ക് പോലും മധുര കൂടാതെ ഉണ്ടാകരുത്. മുഖത്ത് ആത്മീയത വേണം വായിൽ മധുരത വേണം മനസ്സ് ബുദ്ധിയിൽ സദാ ശുഭ ഭാവന, ദയാഹൃദയ ഭാവന, ദാതാവിന്റെ ഭാവനയാകണം. ഓരോ ചുവട്ടിൽ ഫോളോ ഫാദർ ആകണം. അപ്പോൾ ഇത് ചെയ്യാൻ സാധിക്കുമോ? ടീച്ചേഴ്സിന് ഇത് ചെയ്യാൻ സാധിക്കുമോ? യുവാക്കൾക്ക് ചെയ്യാൻ സാധിക്കുമോ? ജ്ഞാന സരോവരത്തിൽ ദേശവിദേശത്ത് യുവാക്കളുടെ റിട്രീറ്റ് നടക്കുന്നു) ബാപ്ദാദയുടെ അടുക്കൽ യൂത്ത് ഗ്രൂപ്പിന്റെ റിസൾട്ട് വളരെ നന്നായി വന്നിട്ടുണ്ട്. കോടിമടങ്ങ് ആശംസകൾ. നല്ല റിസൾട്ട് ആണ്. അനുഭവവും നന്നായി ചെയ്തു, ബാപ്ദാദ സന്തോഷിക്കുന്നു. ബാപ്ദാദ അനുഭവവും കേട്ടു. കേട്ടു കേൾപ്പിച്ചതല്ല, നേരിട്ട് ബാപ്ദാദ താങ്കളുടെ അനുഭവം കേട്ടു, എന്നാൽ ഇപ്പോൾ ഈ അനുഭവങ്ങളെ അമർഭവയുടെ വരദാനത്തിലൂടെ അവിനാശിയായി വയ്ക്കുക. എന്തുതന്നെ സംഭവിച്ചാലും തന്റെ ആത്മീയ അനുഭവങ്ങളെ സദാ ഉയർത്തി കൊണ്ടിരിക്കുക. കുറയ്ക്കുവാൻ പാടില്ല. മൂന്നുമാസത്തിനുശേഷം മധുബനിൽ വന്നാലും വരാതിരുന്നാലും. മൂന്നുമാസത്തിനുശേഷം ഉടനെ വരുകയില്ല എന്നാൽ തന്റെ അക്കൗണ്ട് വെക്കുക, ബാപ്ദാദയുടെ അടുക്കൽ അയക്കുക, ബാപ്ദാദ ശരിയാക്കും. അല്ലെങ്കിൽ എന്താണോ ആ ശതമാനം നൽകും. ശരിയാണോ? ഒരു കൈയിന്റെ കൈ അടിക്കൂ. ശരി

ഇന്ന് ആശംസകളുടെ ദിവസമാണ്. ബാപ്ദാദ സന്തോഷ വാർത്ത കേൾക്കുകയും കാണുകയും ചെയ്തു. കൊച്ച് കൊച്ച് കുട്ടികൾ കിരീടധാരികളായി ഇരിക്കുന്നു. താങ്കൾക്ക് കിരീടം ലഭിക്കും, ഇവർക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നു. എണീറ്റ് നിൽക്കൂ. നോക്കൂ കിരീട ഗ്രൂപ്പ് നോക്കൂ. കുട്ടികൾ സദാ ഹൃദയത്തിൽ സത്യമാണ്. സത്യമായ ഹൃദയം ഉള്ളവരല്ലേ! നല്ലതാണ് കുട്ടികളുടെ റിസൾട്ടും ബാപ്ദാദ നന്നായി കണ്ടു ആശംസകൾ ശരി.

ഡബിൾ വിദേശികൾ : ഇവിടെ കത്തും കുറിപ്പുകളും കണ്ടു. ഉത്സാഹത്തിന്റെ കുറിപ്പുകളാണ്. എന്നാൽ ഒരു കാര്യം കണ്ടു ചില ചിലരുടെ കുറിപ്പുകളിൽ ഉള്ളത്. ചിലർ വളരെ നന്നായി ഉണർവുത്സാഹത്തോടെ പരിവർത്തനവും എഴുതിയിട്ടുണ്ട് ഉണർവും എഴുതിയിട്ടുണ്ട് എന്നാൽ ചില ചിലർ കുറേശ്ശെ തന്റെ ആലസ്യം കാണിച്ചു. ഒരിക്കലും അലസരാകരുത്. ജാഗ്രത. ഒന്ന് ബാപ്ദാദയ്ക്ക് ആലസ്യം നന്നായി തോന്നുന്നില്ല മറ്റൊന്ന് നിരാശരാവുക നന്നായി തോന്നുന്നില്ല. എന്ത് സംഭവിച്ചാലും വിശാല ഹൃദയം ഉള്ളവരായിരിക്കൂ. ഹൃദയ നൈരാശ്യം ചുരുങ്ങിയ ഹൃദയമാണ്. ഹൃദയസന്തുഷ്ടത വലിയ ഹൃദയമാവുന്നു. അപ്പോൾ നിരാശരാകരുത് അലസരാകരുത്. ഉണർവുൽസാഹത്തിൽ സദാ പറന്നുകൊണ്ടിരിക്കുക. ബാപ്ദാദയ്ക്ക് ഡബിൾ വിദേശികളിൽ കോടാനുകോടി പ്രതീക്ഷകളാണ്. ഡബിൾ വിദേശികൾ ഇങ്ങനെ അത്ഭുതം കാണിക്കും ഇന്ത്യയിലെ ആത്മാക്കൾ അതിശയപ്പെട്ട് പോകുന്ന തരത്തിൽ. വരേണ്ടതാണ് ആ ദിവസവും വരേണ്ടതാണ് പെട്ടെന്ന് വരണം. വരേണ്ടതല്ലേ? ആ ദിവസം വരുമല്ലോ? വരുമോ ദിവസം? (വേഗം വേഗം വരും) ഹാം ജി പറയൂ. ബാപ്ദാദ നേരത്തെ ആശംസകളുടെ തളികകൾ നിറച്ച് നൽകുകയാണ്. ഇത്രയും ധൈര്യം ബാപ്ദാദ ഡബിൾ വിദേശികളിൽ കാണുകയാണ് ഇങ്ങനെയല്ലേ? വിദേശത്ത് ഒരുപാട് പ്രതീക്ഷയുണ്ട്. നല്ലതാണ്. യൂത്തും നല്ലതാണ് ഗൃഹസ്ഥരും ധാരാളം ഉണ്ട് കുമാരിമാരും ധാരാളം ഉണ്ട് അത്ഭുതം തന്നെ അത്ഭുതം. ശരിയാണോ? ഈ സിന്ധി കുടുംബം പറയൂ എന്ത് അത്ഭുതം ചെയ്യും? നിമിത്തം മാത്രം സിന്ധി ആണ് എന്നാൽ ബ്രാഹ്മണരാണ്. എന്ത് ചെയ്യും പറയൂ? ബാബയുടെ പേരിനെ പ്രകാശിപ്പിക്കും) എപ്പോൾ ചെയ്യും (ഈ വർഷത്തിൽ) താങ്കളുടെ വായിൽ ഗുലാബ് ജാമുൻ. ധൈര്യമുള്ളവരാണ്. (താങ്കളുടെ വരദാനം ഒപ്പമുണ്ട്) വരദാദാവ് തന്നെ കൂടെയുണ്ടെങ്കിൽ വരദാനം എന്ത് വലിയ കാര്യമാണ്. ശരി

ആരു തന്നെ ഈ കൽപ്പത്തിന് മുമ്പ് വന്നിട്ടുള്ളവരുണ്ടോ അവർ കൈ ഉയർത്തു. ആര് ആദ്യമായി വന്നിട്ടുണ്ടോ ആ കുട്ടികളോട് ബാപ്ദാദ പറയുന്നു വന്നത് പിന്നിലാണ് എന്നാൽ പോകേണ്ടത് മുന്നിലാണ് ഇത്രയും മുന്നോട്ടു ഉയരൂ താങ്കളെ കണ്ടു എല്ലാവരും സന്തോഷിക്കണം. എല്ലാവരുടെയും വായിൽ നിന്ന് ഇതേ വാക്ക് പുറപ്പെടണം അത്ഭുതമാണ് അത്ഭുതമാണ് അത്ഭുതമാണ്. ഇങ്ങനെ ധൈര്യമുണ്ടോ? ആ

ദ്യത്തെ തവണ വരുന്നവരിൽ ധൈര്യമില്ലേ! പുതിയ വർഷം ആഘോഷിക്കാൻ വന്നിരിക്കുന്നു അപ്പോൾ പുതിയ വർഷത്തിൽ എന്തെങ്കിലും അത്ഭുതം ചെയ്യുമല്ലോ! എന്നാലും ബാപ്ദാദയ്ക്ക് എല്ലാ കുട്ടികളും അതി സ്നേഹിയാണ്. എന്നിട്ടും വളരെ ബുദ്ധിയുടെ ജോലി ചെയ്തിരിക്കുന്നു ടൂ ലേറ്റിനു മുമ്പ് വന്നിരിക്കുന്നു. ഇപ്പോൾ പിന്നെയും ഈ ഹോളിൽ ഇരിക്കുന്നതിന് സീറ്റ് ലഭിക്കുന്നുണ്ടല്ലോ! താമസിക്കാനുള്ള പായോ കിടക്കയോ കിട്ടിയല്ലോ! ടൂ ലേറ്റ് ബോർഡ് വന്നാൽ ക്യൂവിൽ നിൽക്കേണ്ടിവരും, അതിനാൽ നല്ല സമയത്ത് ബാപ്ദാദയെ തിരിച്ചറിഞ്ഞു ഈ ബുദ്ധിയുടെ ജോലി ചെയ്തു. ശരി.

വിശ്വത്തിന്റെ നാനാഭാഗത്തെയും സർവ്വ സഫലതാ മൂർത്തികളായ കുട്ടികൾക്ക്, സർവ്വസഫലമാക്കുന്ന തീവ്രപുരുഷാർത്ഥി കുട്ടികൾക്ക്, സദാ തന്റെ അക്കൗണ്ട് പരിശോധിക്കുന്ന പരിശോധകരും ഭാവി നിർമ്മാതാക്കളുമായ ഇങ്ങനെയുള്ള ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ തന്റെ ഓരോ ചുവടും ബാബയെ പ്രത്യക്ഷമാക്കുന്നവരായ മുതു മുത്തച്ഛന്റെ സർവ്വ പേര കുട്ടികൾക്ക് ബാബയുടെയും ദാദയുടെയും വളരെ വളരെ വളരെ വളരെ സ്നേഹസ്മരണ, ആശംസ, നമസ്തേ. ബാപ്ദാദ ദേശ വിദേശത്തെ എല്ലാ കുട്ടികൾക്കും പുതുവർഷത്തിന്റെ ആശംസകൾ നൽകി.

നാനാ ഭാഗത്തേയും സഫലതയുടെ നക്ഷത്രങ്ങൾക്ക് പഴയ വർഷത്തിന്റെ വിടയുടെയും പുതുവർഷത്തിന്റെ ആശംസയുടെയും സംഗമ സമയത്ത്, സംഗമസമയം വിടയും ഉണ്ട് ആശംസയും ഉണ്ട്. അപ്പോൾ സദാ സഫലമാണ് സഫലമായി ഇരിക്കും. ഒരിക്കലും അസഫലതയുടെ പേരടയാളം ഉണ്ടായിരിക്കില്ല. ബാപ്ദാദയുടെ അതി സിക്കീലധേ, അതിസ്നേഹി,അതി മധുരം, കണ്ണുകളിലെ വെളിച്ചമാണ്. എല്ലാവർക്കും നമ്പർ വൺ ആവുക തന്നെ വേണം. ഈ ദൃഢസങ്കൽപത്തോടെ ഓരോ ചുവടും ബാപ് സമാനം വെച്ചുകൊണ്ടിരിക്കുക, കോടിമടങ്ങ് കോടാനുകോടി മടങ്ങ് ആശംസകൾ ആശംസകൾ ആശംസകൾ. ബാപ്ദാദയുടെ വളരെ വളരെ രത്നങ്ങൾക്ക് രത്ന സുപ്രഭാതം, രത്ന സുപ്രഭാതം, രത്ന സുപ്രഭാതം. ഓം ശാന്തി

## വരദാനം : സേവനത്തിന്റെ ഉണർവുത്സാഹത്തിലൂടെ സുരക്ഷയുടെ അനുഭവം ചെയ്യുന്നവരായ മായാജീത്ത് ഭവ

ഏതു കുട്ടികളാണ് സ്ഥൂല സേവനത്തോടൊപ്പം തന്നെ ആത്മീയ സേവനത്തിനായും ഓടുന്നത്, എവർറെഡിയായി ഇരിക്കുന്നത് അപ്പോൾ ഈ സേവനത്തിന്റെ ഉണർവുത്സാഹവും സുരക്ഷയുടെ സാധനയായി മാറുന്നു. ആര് സേവനത്തിൽ മുഴുകിയിരിക്കുന്നുവോ അവർ മായയിൽ നിന്ന് രക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. മായയും നോക്കുകയാണ് ഇവർക്ക് സമയമില്ല എങ്കിൽ അതും തിരിച്ചുപോകുന്നു ഏതു കുട്ടികൾക്കാണോ ബാബയോടും സേവനത്തോടും സ്നേഹം ഉള്ളത് അവർക്ക് എക്സ്ട്രാ ധൈര്യത്തിന്റെ സഹായം ലഭിക്കുന്നു, അതിലൂടെ സഹജമായി തന്നെ മായാജീത്തായി മാറുന്നു.

## സ്ലോഗൻ : ജ്ഞാനത്തെയും യോഗത്തെയും തന്റെ ജീവിതത്തിന്റെ സ്വഭാവമാക്കി കൊള്ളൂ എങ്കിൽ പഴയ സ്വഭാവം മാറിക്കോളും

സൂചന : ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗ ദിവസമാണ്, എല്ലാ ബ്രഹ്മാവത്സരും സംഘടിത രൂപത്തിൽ വൈകിട്ട് 6 30 മുതൽ 7 30 മണി വരെ വിശേഷിച്ചും സന്തുഷ്ടമണിയായി വായു മണ്ഡലത്തിൽ സന്തുഷ്ടതയുടെ കിരണങ്ങൾ പരത്തൂ. അസന്തുഷ്ട ആത്മാക്കൾക്ക് സന്തുഷ്ടമായിരിക്കുന്നതിനുള്ള ശക്തി നൽകുക, മനസാസേവനം ചെയ്യുക